3. കൊയിലാണ്ടി കുടിവെള്ള പദ്ധതിയിൽനിന്നും വൈശ്യത്ത് കണ്ടി ഭാഗത്തേക്കും ബീച്ച് ഏരിയയിലേക്കും പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി.

4. വരകുന്ന് കുടിവെള്ള പദ്ധതിയിലെ കഴൽകിണർ വൃത്തിയാക്കുന്ന പ്രവൃത്തി.

29 മാർ പദ്ധതിയിൽപ്പെടുത്തിയ പദ്ധതികൾ :

1. മേപ്പയ്യൂർ പഞ്ചായത്തിലെ ധർമ്മക്കുന്ന് കുടിവെള്ള പദ്ധതിയിൽ 1500 മീറ്റർ കേടായ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി

2. നിലമ്പേരിമല പദ്ധതിയുടെ പമ്പ് ഹൗസ് നവീകരണം

3. അത്തോളി പദ്ധതിയുടെ പമ്പ് ഹൗസ് നവീകരണം.

(സി&ഡി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയ്ക്കുവേണ്ടി ഒരു സമഗ്ര ശുദ്ധജലവിതരണ പദ്ധതിക്കായി ചിറ്റാരിക്കടവിൽ പുഴയ്ക്കുകുറുകെ ജലസേചന വകുപ്പിന്റെ കീഴിൽ ടെണ്ടർ നടപടികൾ ആരംഭിച്ച് കഴിഞ്ഞ (പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ നടന്നു.) നിർദ്ദിഷ്ട റെഗുലേറ്റർ കം ബ്രിഡ്ജിന്റെ മുകൾ ഭാഗത്ത് (അപ്സ്ട്രീം സൈഡ്) കിണർ നിർമ്മിച്ചു. പ്രതിദിനം 14 ദശലക്ഷം ലിറ്റർ ജലം ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഒരു ശുദ്ധജല പ്ലാന്റ് ഉൾപ്പെടെ ഒരു ശുദ്ധജലവിതരണ പദ്ധതി വിഭാവന ചെയ്തിരുന്നു. 37 കോടി രൂപയുടെ എസ്റ്റിമേറ്റ് സഹിതം വിശദമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിക്കുന്ന മുറയ്ക്ക് കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകാൻ സാധിക്കും.

കുടിവെള്ള പദ്ധതി

135(835) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട് പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി 2016 ഫെബ്രുവരി 20-ന് മുൻപായി ഒന്നാംഘട്ടം കമ്മീഷനിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുടെ പൂർണ്ണ പ്രവർത്തനത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ജലവിഭവ വകുപ്പ് മേജർ ഇറിഗേഷൻ മുഖാന്തരം മാവേലിക്കര മണ്ഡലത്തിൽ 2011 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും ഭരണാനുമതി നല്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ആറന്നാട് പാറ്റൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇൻടേക്ക് വെല്ലിനുകളിലുള്ള പമ്പ് ഹൗസ് നിർമ്മാണം പുരോഗമിച്ചുവരുന്നു.
2. 400 എം.എം. ഡി.ഐ.കെ. 9 നോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ പൂർത്തീകരിച്ചു.
3. നോ വാട്ടർ പമ്പ് സെറ്റ് (170 എച്ച്.പി-2 എണ്ണം) സപ്ലൈ ചെയ്തു. പമ്പ്സെറ്റ് സ്ഥാപിക്കാനുണ്ട്.
4. 10 എം.എൽ.ഡി. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും 4.5 ലക്ഷം ലിറ്റർ സമ്പും നിർമ്മാണം പൂർത്തീകരിച്ചു.
5. ട്രാൻസ്ഫോർമർ സപ്ലൈ ചെയ്ത് സ്ഥാപിക്കാനുണ്ട്.
6. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 4.5 ലക്ഷം ലിറ്റർ ഗ്രൗണ്ട് ലെവൽ ടാങ്ക്, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവ പൂർത്തീകരിച്ചു.
7. സബ്സ്റ്റേഷനും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനും 130 കുതിര ശക്തിയുള്ള രണ്ട് പമ്പ് സെറ്റ് ശുദ്ധീകരണശാലയുടെ ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ സ്ഥാപിച്ച് പാലമേൽ ചുനക്കര താമരക്കുളം എന്നീ പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിനും വിതരണക്കുഴൽ സ്ഥാപിക്കുന്നതിനുമായി 4 കോടി രൂപയുടെ ഒരു ഡി.ഇ.ആർ. തയ്യാറാക്കി എസ്.എൽ.എസ്.എസ്.സി.-യുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
8. പാക്കേജ്-2 - ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ -5190 മീറ്റർ മറ്റപ്പള്ളി മലയിൽ 8.25 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണി എന്നിവ പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ പൂർണ്ണ പ്രവർത്തനത്തിന് ആവശ്യമായ തുക ലഭിക്കുന്നതിനുവേണ്ടി ഒരു വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി എസ്.എൽ.എസ്.എസ്.സി.-യുടെ അനുമതിക്കായി സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

തടയണകളുടെ നിർമ്മാണം

136(836) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിയംകുളം ഗ്രാമപഞ്ചായത്തിലെ മാണ്ണന്തറ സ്റ്റീൽ തടയണയുടെ പ്രവർത്തന പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത തടയണയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത തടയണയുടെ പ്രവർത്തനം എന്നാണ് ഇടങ്ങിയതെന്നും, എന്നത്തേയ്ക്ക് പൂർത്തികരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും, ആയതിന്റെ പ്രയോജനം ഏതു ജനങ്ങൾക്ക് ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തികരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കും; പ്രസ്തുത തടയണയുടെ എസ്റ്റിമേറ്റ് തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയാണ്; അവശേഷിക്കുന്ന ബാക്കി തുക അടിയന്തരമായി അനുവദിച്ച് പ്രസ്തുത തടയണ കമ്മീഷൻ ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വാണിയംകുളം ഗ്രാമപഞ്ചായത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ മണ്ണന്തറയിൽ 489.44 ലക്ഷം രൂപ മുടക്കി ഒരു ചെക്ക് ഡാം നിർമ്മിക്കാനുള്ള ഭരണാനുമതി നൽകുകയും, ഇതിന്റെ പ്രവർത്തനം കെ.ഐ.ഐ.ഡി.സി.-യെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ മാർച്ച് 2014-ൽ ആരംഭിക്കുകയുണ്ടായി. നിലവിൽ ഇതിനുവേണ്ട സ്റ്റീൽ ഷീറ്റ് പൈലുകൾ

LIBRARY ARCHIVES Kerala Legislative Assembly